# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3201 | 21.08.2017-ൽ മറുപടിക്ക്

### <u>മ്യൂസിയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള പദ്ധതികൾ</u>

<u>ചോദ്യം</u>

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. റോജി എം.ജോൺ

ശ്രീ. എ.പി.അനിൽ കുമാർ

<u>മറുപടി</u>

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

ബഹു.തുറമുഖവും മ്യൂസിയവും

പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മ്യൂസിയങ്ങൾ ഭിന്ന ശേഷി സൗഹൃദമാക്കുന്നതിന് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) & (ബി) | മ്യൂസിയം മൃഗശാലാ വകുപ്പിലെ മ്യൂസിയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലെ മ്യൂസിയങ്ങൾ സന്ദർശിക്കുന്ന ഭിന്ന ശേഷിക്കാരുടെ സൗകാര്യാർത്ഥം സ്പെഷ്യൽ ടോയ് ലറ്റ്, ലിഫ്റ്റുകൾ, വീൽചെയർ, പാർക്കിംഗ് സംവിധാനം, റാമ്പ്, എന്നീ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.<br><br>പുരാവസ്തുവകുപ്പിന്റെ അധീനതയിലുള്ള മ്യൂസിയങ്ങളിലെല്ലാം ഭിന്നശേഷി സൗഹൃദ ശുചി മുറികളും, പാർക്കിംഗ് മേഖലകളും, റാമ്പ്, വീൽചെയർ, ഓഡിയോ സിസ്റ്റം, ബ്രയിലി ലിപി എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഒന്നാം ഘട്ട പ്രവൃത്തികൾക്ക് നടപടി സ്വീകരിച്ച് വരുന്നു.<br><br>മ്യൂസിയം മൃഗശാലാ വകുപ്പിലെ തിരുവനന്തപുരം ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന നേപ്പിയർ മ്യൂസിയം, നാച്ചുറൽ ഹിസ്റ്ററി മ്യൂസിയം, ശ്രീ. ചിത്രാ ആർട്ട് ഗ്യാലറി എന്നിവിടങ്ങളിൽ ഭിന്നശേഷിക്കാർക്കായി റാമ്പ്, പാർക്കിംഗ് സൗകര്യം, സ്പെഷ്യൽ ടോയ് ലറ്റുകൾ, വീൽചെയർ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തി കഴിഞ്ഞു. കൂടാതെ നേപ്പിയർ മ്യൂസിയത്തിൽ ഭിന്ന ശേഷിക്കാരുടെ സൗകര്യാർത്ഥം പ്രദർശന വസ്തുക്കളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ആധുനിക രീതിയിലെ കിയോസ്ക് സ്ഥാപിക്കൽ, ദൃശ്യശ്രാവ്യ സംവിധാനങ്ങൾ എന്നിവ നടപ്പിലാക്കുന്നതിനും വയനാട് |
| (ബി) | ഇതിനായി മ്യൂസിയങ്ങളിൽ എന്തെല്ലാം സൗകര്യങ്ങളാണ് - ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കുമോ: | | |

| | | | |
|---|---|---|---|
| | | | കുങ്കിച്ചിറ മ്യൂസിയത്തിൽ ലിഫ്റ്റുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുവാൻ എന്തെല്ലാം നടപടികൾ കൈക്കൊള്ളു മെന്ന് വിശദമാക്കുമോ? | (സി) | മ്യൂസിയം മൃഗശാലാ വകുപ്പിലെ മ്യൂസിയങ്ങളിൽ ഭിന്നശേഷിക്കാർക്കായി ഏർപ്പെടുത്തുന്ന പദ്ധതികൾ 75% പൂർത്തിയായിട്ടുണ്ട്. ബാക്കി ശേഷിക്കുന്ന 25% ജോലികൾ ദ്രുതഗതിയിൽ നടപ്പിലാക്കി വരുന്നുണ്ട്. കാലതാമസം കൂടാതെ തന്നെ പദ്ധതി **പൂർത്തീകരിച്ച് ഭിന്നശേഷി** ക്കാരായ സന്ദർശകർക്ക് ഉപയോഗപ്രദമാക്കുന്നതിന് പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്.<br><br>പുരാവസ്തു വകുപ്പിന്റെ **മ്യൂസിയങ്ങളിലേയ്ക്കും, സംരക്ഷിത** സ്മാരകങ്ങളിലേയ്ക്കും 40 **വീൽചെയർ** ആഗ്രോ ഇൻഡസ്ട്രീസിൽ നിന്നും വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി അടിയന്തിരമായി പൂർത്തീകരിച്ച് സന്ദർശകർക്ക് ഉപയോഗപ്രദമാക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**